# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR (P2)519/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR (P2)519/2021 തീയ്യതി: 31/03/2021

## തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2019 മുതൽ 19-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മേരി ഹണി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2021 | 04-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2021 | 04-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ശിവദാസൻ.എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സ്റ്റാൻലി.പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

ശ്രീമതി.ധന്യ.എ).സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജ്യോതി കനകരാജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| എം.എഫ്.ജോസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| മിനി ജോസഫ് | കൃഷി ഓഫീസർ | 01-04-2019 |
| പോൾസൺ തോമസ് | കൃഷി ഓഫീസർ | 01-10-2019 |
| സ്മിത കെ ടി | അസി.എഞ്ചിനീയർ | 01-04-2019 |
| ദിവ്യ മോഹൻ | അസി.എഞ്ചിനീയർ | 16-07-2019 |
| അനിഘ രഘുനാഥ് | അസി.എഞ്ചിനീയർ | 03-08-2019 |
| ഡോ. രാജഗോപാൽ | മെഡി.ഓഫീസർ,സി എച്ച് സി | 01-04-2019 |
| ഡോ.രവീന്ദ്രൻ | മെഡി.ഓഓഫീസർ,ആയുർവ്വേദം,കുറുമ്പിലാവ് | 01-04-2019 |
| ഡോ.റോയ് ജോസഫ് | മെഡി.ഓഫീസർ,ആയുർവ്വേദം,പുള്ള് | 01-04-2019 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2019 |
| ഡോ.ജോമി ജോൺ | വെറ്ററിനറി സർജൻ | 17-08-2019 |
| വസന്തകുമാരി വി ബി | ഹെഡ് മിസ്ട്രെസ്സ് | 01-04-2019 |
| സിന്ധു കെ കുന്നത്ത് | വിഇഒ,ചാഴൂർ | 01-04-2019 |
| സിന്ധു പി ജി | വിഇഒ,ചാഴൂർ | 11-10-2019 |

| | | |
|---|---|---|
| ധന്യ എ | വിഇഒ,ഇഞ്ചമുടി | 01-04-2019 |
| സുനിത ടി വി | അസി. സെക്രട്ടറി | 01-04-2019 |
| ഒഴിവ് | അസി. സെക്രട്ടറി | 17-07-2019 |
| മഞ്ജുള ബോസ് | അസി. സെക്രട്ടറി | 26-07-2019 |
| ഗീത ടി സി | അസി. സെക്രട്ടറി | 10-08-2019 |
| ഡോ പ്രിയ ഭാസ്കർ | മെഡി.ഓഫീസർ,ഹോമിയോ | 01-04-2019 |
| ഗീത വി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 |
| സ്മ്രിതി വാസുദേവൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് എസ്റ്റിമേറ്റ്--യഥാർത്ഥ വരവു/ ചെലവുകളെക്കാൾ ഇരട്ടി<br>Written By: Shobby.V.P (Audit Officer, On 05-03-2021)<br>Last Updated By: Shobby.V.P (Audit Officer, On 06-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 10-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-5 |
| 6 | തൊഴിലുറപ്പുപദ്ധതി<br>Written By: Shobby.V.P (Audit Officer, On 06-03-2021)<br>Last Updated By: Dhanya.A (Auditor, On 07-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Stanley P S (Asst. Audit Officer, On 06-03-2021)<br>Last Updated By: Dhanya.A (Auditor, On 07-03-2021) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 05-03-2021)<br>Last Updated By: Dhanya.A (Auditor, On 05-03-2021) | 1-8 |
| 9 | ആഭ്യന്ത്ര നിയന്ത്രണ സംവിധാനം<br>Written By: Shobby.V.P (Audit Officer, On 05-03-2021)<br>Last Updated By: Shobby.V.P (Audit Officer, On 06-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shobby.V.P (Audit Officer, On 08-03-2021)<br>Last Updated By: Shobby.V.P (Audit Officer, On 08-03-2021) | 1-10 |
| 11 | വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11 |
| 12 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-1 |
| 13 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 1-11-2 |
| 14 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-3 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-4 |
| 16 | റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തുന്നതിലെ | 1-11-5 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | |
| 17 | റസീറ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിൽ അക്രൂവൽ അല്ലാത്ത വരവിനങ്ങളിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-6 |
| 18 | ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-7 |
| 19 | വൌച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-8 |
| 20 | രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 1-11-9 |
| 21 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ<br>Written By: Dhanya.A (Auditor, On 08-03-2021)<br>Last Updated By: Dhanya.A (Auditor, On 08-03-2021) | 1-12 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 05-03-2021)<br>Last Updated By: Dhanya.A (Auditor, On 08-03-2021) | 1-13 |
| 23 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 05-03-2021)<br>Last Updated By: Dhanya.A (Auditor, On 08-03-2021) | 1-14 |
| 24 | ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും അവ്യക്തത. ആകെ 402612 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 04-03-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 04-03-2021) | 1-15 |
| 25 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. യു.സി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 04-03-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 04-03-2021) | 1-16 |
| 26 | HMC വാർഷിക കണക്കുകളുടെ പരിശോധന-രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 09-03-2021)<br>Last Updated By: Jayan VS (Auditor, On 10-03-2021) | 1-17 |
| 27 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 1-18 |
| 28 | ലൈഫ് മിഷൻ ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല | 1-19 |

| | | |
|---|---|---|
| | Written By: Jayan VS (Auditor, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | |
| 29 | SC- പദ്ധതിക്ക് അനുവദിച്ച പണം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല<br>Written By: Stanley P S (Asst. Audit Officer, On 06-03-2021)<br>Last Updated By: Jayan VS (Auditor, On 10-03-2021) | 1-20 |
| 30 | അംഗൻ വാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ . രേഖകൾ ഹാജരാക്കിയില്ല .ചെലവു ചെയ്ത തുക ആകെ 76923 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sivadasan A K (Asst. Audit Officer, On 04-03-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 08-03-2021) | 1-21 |
| 31 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 04-03-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 08-03-2021) | 1-22 |
| 32 | കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം --- കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 05-03-2021)<br>Last Updated By: Dhanya.A (Auditor, On 09-03-2021) | 1-23 |
| 33 | വില്ലേജ് റോഡുകളിൽ ടൈൽ പാകിയത് സ്പെസിഫിക്കേഷൻ ഇല്ലാത്ത പ്രവൃത്തി<br>Written By: Shobby.V.P (Audit Officer, On 04-03-2021)<br>Last Updated By: Shobby.V.P (Audit Officer, On 08-03-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 06-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Jayan VS (Auditor, On 08-03-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 08-03-2021)<br>Last Updated By: Dhanya.A (Auditor, On 09-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayan VS (Auditor, On 03-03-2021)<br>Last Updated By: Jayan VS (Auditor, On 03-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ് എസ്റ്റിമേറ്റ്--യഥാർത്ഥ വരവ്/ചെലവുകളെക്കാൾ ഇരട്ടി

ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് 25-2-2019 ലെ 1 (1 ) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. 9-1-19 ൽ പ്രി ബഡ്ജറ്റ് മീറ്റിങ് നടത്തി 22-2-19 ൽ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരമാണ് ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കുകയുണ്ടായത്. റിവൈസ്ഡ് ബഡ്ജറ്റ് 22.02.2020 തിയതിയിലെ 3(1) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവുചെലവു തുകകളും തമ്മിൽ ഏകദേശം ഇരട്ടിയോളം വ്യത്യാസമുള്ളതായി താഴെ ചേർക്കുന്നതു പ്രകാരം പരിശോധനയിൽ കണ്ടു.

| ഇനം | ബഡ്ജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള സംഖ്യ | യഥാർത്ഥ സംഖ്യ |
|---|---|---|---|
| വരവ് | 17,39,78,327- | 21,61,82,928- | 10,85,47,130- |
| ചെലവ് | 16,99,21,700- | 20,62,11,682- | 10,34,51,742 |

തികഞ്ഞ അവധാനതയോടെയും യാഥാർത്ഥ്യ ബോധ്യം ഉൾക്കൊണ്ടും ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 25.05.2020 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,16,25,109.25 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,31,23,646.00 |
| ആകെ | 8,47,48,755.25 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,26,77,448.00 |
| നീക്കിയിരിപ്പ് | 2,20,71,307.25 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,39,535/- |

### 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 21524204 | 21524204 | 11539547 | 9984657 | |
| വികസന ഫണ്ട് (SCP) | - | 15048588 | 15048588 | 10444176 | 4604412 | |
| വികസന ഫണ്ട് (TSP) | - | 74000 | 74000 | 0 | 74000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 10354553 | 10354553 | 2837347 | 7517206 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 8373000 | 8373000 | 1877201 | 6495799 | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 3993000 | 3993000 | 602540 | 3390460 | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | | |
| ഐ.സി.ഡി.എസ്. 320100121 | 687084 | 617445 | 1304529 | 650000 | 654529 | |
| ശുചിത്വ മിഷൻ 320200322 | 1562287 | 129240 | 1691527 | 265086 | 1426441 | |
| ടോട്ടൽ സാനിറ്റേഷൻ മിഷൻ 320300103 | 398939 | 0 | 398939 | 0 | 256082 | |
| പൈക്ക 320100126 | 15350 | 0 | 15350 | 0 | 15350 | |
| വിമുക്തി 320300199 | 12500 | 0 | 12500 | 0 | 12500 | |
| ലൈഫ് മിഷൻ ഭവന നിധി 320200305 | 90240 | 3131 | 93371 | 0 | 93371 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 203 | 99322018 | 91 | 42126380 | 106 | 6 | 45% |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14621 | 1254089 | 1268710 | 1267814 | 896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21381586 | 21381586 | 21381586 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 9600 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2448000 | 696 |
| വിധവാ പെൻഷൻ | 4740600 | 1382 |
| വാർദ്ധക്യകാല പെൻഷൻ | 8390700 | 2680 |
| വികലാംഗപെൻഷൻ | 1229800 | 360 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 466200 | 140 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-02-2021 തീയതിയിൽ 2.45 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 56,333 /-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. വിവിധ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബജറ്ററി നിയന്ത്രണം ഇല്ലായെന്ന് പരിശോധനയിൽ കാണുന്നു. ബജറ്റ് എസ്റ്റിമേറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നതിനും

ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 16.11.2020 മുതൽ 18.11.2020 വരെ | 2020 ജനുവരി മുതൽ മാർച്ച് വരെ | 19.12.2020 |
| അക്കൗണ്ടന്റ് ജനറൽ | 08.02.2017 മുതൽ 22.02.2017 വരെ | 2011-12 മുതൽ 2015-16 വരെ | 21.01.2019 |

## 1-11 വസ്തുനികുതി- ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

01.04.2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 314 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01.04.2019ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. പുതുതായി കെട്ടിട നികുതി നിർണ്ണയിച്ചവയുടെ വിവരങ്ങൾ അതാത് മാസം ചേർക്കാതെ, "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ മുൻ തീയതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-1 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>1 തൻവർഷം</u>

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | കളക്ഷൻ+ മുൻകൂർ ക്രമീകരിച്ചത് |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3154803 | 3069262 | 63158 | 27026 | 3132420 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3154803 | 3064081 | 68933 | 27054 | 3133014 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി | കളക്ഷൻ+ മുൻകൂർ ക്രമീകരിച്ചത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1681140 | 1647116 | 20367 | 16448 | 1667483 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1681140 | 1646522 | 20367 | 16455 | 1666889 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ്& പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

2 കടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13296 | 10975 | 2325 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13262 | 10975 | 2329 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15644 | 6400 | 9244 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 19844 | 6401 | 9249 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3 ലൈബ്രറി സെസ്സ് (തൻവർഷം +കടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കടി ശ്ശിക | ആകെ | തൻ വർഷം | കടി ശ്ശിക | ആകെ | | | തൻ വർഷം | കടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 160904 | 676 | 161580 | 156163 | 552 | 156715 | 3419 | -- | 1381 | 120 | 1501 |
| | നോൺ-റെസിഡൻഷ്യൽ | 85812 | 788 | 86600 | 83006 | 321 | 83327 | 1084 | -- | 1084 | 0 | 1084 |
| | ആകെ | 248180 | | | 240042 | | | 4503 | | 2585 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 248388 | | | 240041 | | | -- | | 2799 | | |
| | | 246716+1672 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/Levies...... ലെഡ്ജർ 2019-20) | | | {റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)} | | | | (431910101 - State Govt. Cess/Levies.. ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ: 2.1.1, 2.1.2, 2.2.1, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-11-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2842947/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8999922/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-3 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}

## 1-11-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-5 റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തുന്നതിലെ അപാകതകൾ

1) കാനറ ബാങ്കിന്റെ (അക്കൗണ്ട് നം.2685101007985) റീകൺലിയെഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്ക് നം.887049, തീ.27.12.2014, തുക – 885, " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)}. ആയത് ക്രമീകരിക്കേണ്ടതാണ്.

2) "Directly Debited By Bank" എന്ന ഇനത്തിൽ 7578 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. PSC Co-Operative Bank A/C No.024194000534, Ch. No.1, Dt.30.03.2012, ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

3) "Checque Deposited But Not Collected" എന്ന ഇനത്തിൽ 10651.84 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

PSC Co-Operative Bank A/C No.024194000534, Ch. No.2, Dt.31.03.2012. ഈ തുകയുടെ നിജസ്ഥിതി മനസ്സിലാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-6 റസീറ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ പത്രികകളിൽ അക്രൂവൽ അല്ലാത്ത വരവിനങ്ങളിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാത്ത വരവിനങ്ങളിൽ താഴെ പറയുന്ന ഹെഡുകളിൽ റസീറ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ എന്നിവയിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഹെഡ് | ഇനം | റസീറ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|---|
| 140200101 | Penalties & Fines – Penal Interest | 57102 | 56030 |
| 140200102 | Penalties - Fine | 48501 | 49001 |
| 140200199 | Penalties & Fines – Other Penalties | 0 | 500 |

## 1-11-7 ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (316) |
| 280100102- Prior Period Income-Prof Tax | (5850) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 3924 |
| 280200401-Prior Period Income-Other Income | 2200 |
| 280800201-Prior Period-Administrative Expenses | (9240) |

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി

പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-8 വൌച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കേണ്ടതാണ്

2019-20ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട് )

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (...... കെട്ടിടങ്ങൾ) | 130100101-Rent From Building | 80752 | 01.04.2019 | 431400101 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9 രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)).

ഡി&ഒ ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കി മാസാന്ത്യത്തിൽ ക്ലോസ് ചെയ്തിട്ടില്ല.

## 1-12 ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ

നം. A3/5594/2019, തീ.22.10.2019 ഫയൽ പ്രകാരം ശ്രീ നിയാസ്, പട്ടവിങ്ങൽ, ഇഞ്ചമുടി എന്നയാൾക്ക് 684.79 $M^2$ തറ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന് VIII/442A നമ്പർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) A3/6175/43, തീ.17.09.16 നമ്പർ പ്രകാരം ടി ഗൃഹം പണിയുന്നതിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമ്മിറ്റ് പ്രകാരം 457$m^2$ തറവിസ്തീർണ്ണത്തിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. 16.09.2019 ന് പ്രസ്തുത അനുമതിയുടെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. ടിയാൻ നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പെർമ്മിറ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷം 22.10.2019 നാണ്. പെർമ്മിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെയോ പുതുക്കി നൽകിയതിന്റേയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

B) 40992437/27.06.2019 നമ്പർ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലത്തിന്റെ തരം നിലം എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

C) പെർമ്മിറ്റിൽ അനുവദിച്ച വിസ്തീർണ്ണത്തേക്കാൾ 232.82m2 അധിക തറ വിസ്തീർണ്ണം നിർമ്മാണം നടത്തിയത് ക്രമവൽക്കരിച്ച് നൽകിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (എൻക്വയറി നം.17/04.03.2021) ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടത്തിന് 2010ൽ പെർമ്മിറ്റ് അനുവദിച്ചിട്ടുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത്. 17.09.2016ൽ ക്രമവൽക്കരണം നടത്തി 4068/- രൂപ ഫീസ് ഈടാക്കിയ രസീതിന്റെ പകർപ്പും 23.09.2010 ൽ ചേർന്ന നിലം നികത്തു കമ്മിറ്റിയുടെ യോഗത്തിൽ ടി കെട്ടിടം പണിയുന്നതിന് അനുമതി നൽകി കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പും മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 2010ൽ പെർമ്മിറ്റ് നൽകിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയ ചാഴൂർ വില്ലേജ് സർവ്വെ നമ്പർ 237 ഉൾപ്പെട്ട ടി കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി ഡാറ്റാ ബാങ്കിൽഉൾപ്പെട്ടതാണോ എന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2008ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണോ കെട്ടിട നിർമ്മാണ അനുമതി നൽകിയത് എന്നതിന്റെ വിശദ വിവരങ്ങളും 2010 ൽ നൽകിയ കെട്ടിട നിർമ്മാണ അനുമതിയുടെ വിവരങ്ങളും ഹാജരാക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ- ചട്ടവ്യവസ്ഥകൾ പൂർണ്ണമായും

## പാലിക്കപ്പെടുന്നില്ല

1)തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. (എൻക്വയറി നം.12/01.03.2021). 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. പഴയ മാതൃകയിൽ ദിവസേനയുള്ള വിറ്റുവരവാണ് ചേർത്തിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)സഞ്ചയയിൽ നിന്നുള്ള കണക്ക പ്രകാരം 1208 വാണിജ്യ- വ്യവസായിക കെട്ടിടങ്ങളാണുള്ളത്.ലൈസൻസ് രജിസ്റ്റർ പ്രകാരം 540 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 538 വാണിജ്യ- വ്യവസായിക സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്.ഇതിൽ നിന്നും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാണിജ്യ/വ്യവസായിക സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്.

3) സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റോറിയങ്ങൾ/അസംബ്ളി കെട്ടിടങ്ങൾ ഉണ്ട്.ഇവയിൽ നിന്നും സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ -ചട്ടം 5 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| കെട്ടിട നം. | കെട്ടിട ഉടമ |
|---|---|
| X/539 C | ഹെൽത്ത് കെയർ ലബോറട്ടറി |
| X/255 | ബാപ്പു ക്ലിനിക്കൽ ലബോറട്ടറി |
| - | കാർത്തിക മെഡിക്കൽ ലാബ് |

ടി സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

## 1-15 ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും അവ്യക്തത. ആകെ 402612 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ എന്ന പ്രോജക്ടിൽ കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൻസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഭിന്നശേഷി കുട്ടികൾക്കായുള്ള ഉപകരണങ്ങൾക്കായി താഴെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതം. ചെക്ക് നമ്പർ. 2469669 തിയ്യതി. 30/10/2019

തുക. 112133

ചെക്ക് നമ്പർ. 3899251 തിയ്യതി. 26/03/2020

തുക. 45747

പൊതുവിഭാഗം സാധാരണ വിഹിതം.

വൗച്ചർ നമ്പർ. 21900972 തിയ്യതി. 29/10/2019

തുക .200000

വൗച്ചർ നമ്പർ. 21901739 തിയ്യതി. 26/03/2020

തുക .44732

നി.ഉ. ഐ.സി.ഡി.എസ് . സൂപ്പർ വൈസർ

ഫയൽ പ്രകാരം രണ്ട് ഉപകരണ നിർണയ ക്യാമ്പുകൾ നടത്തിയതായി കാണുന്നു. 24.10.2017 ൽ ആദ്യ ക്യാമ്പും, പിന്നീട് 09/01/2020 ൽ രണ്ടാമത് ക്യാമ്പും നടത്തിയിട്ടുണ്ട്. ഭിന്നശേഷി ഉപകരണങ്ങൾക്കുള്ള ബില്ല് കെൽട്രോൺ നൽകിയത് താഴെ ചേർക്കുന്നു.

Invoice Number. 292/ 15-03-2019 - 127993

Invoice Number. 291/15-03-2019 - 384140

Invoice Number. 578/ 28-09-2020 - 105523

ആകെ - 617656

ആകെ 402612 രൂപയാണ് കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. എന്നാൽ സ്ഥാപനം സമർപ്പിച്ച ബിൽ 617656 രൂപയുടേതാണ്. ഇത്രയും ഉപകരണങ്ങൾ ഉപകരണ നിർണയആവശ്യകഥയുമായി പൊരുത്തപ്പെടുന്നില്ല. മേൽ ഉപകരണങ്ങൾ യഥാർത്ഥത്തിൽ ലഭിച്ചു തന്നെയാണോ ആയത് സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടോ എന്നതിന് വ്യക്തമായ മറുപടിയോ, രേഖകളോ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. അധിക തുകക്കുള്ള ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ കാരണവും വ്യക്തമല്ല. 24/10/2017 ലെ ഉപകരണ നിർണയ ടെസ്റ്റ് പ്രകാരം 29 ഹിയറിംഗ് എയ്ഡ് മാത്രമാണ് ആവശ്യം. എന്നാൽ 2018-19 ലെ ഇൻവോയ്സ് പ്രകാരം സപ്ലൈ ചെയ്ത ഹിയറിംഗ് എയ്ഡുകളുടെ എണ്ണം 48 എണ്ണമാണ്. ഒരു ഉപകരണവും കൃത്യമായി വിതരണം ചെയ്തതായി രേഖയില്ല എന്നു കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥന് മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ.6/ 26-02-21) ഇക്കാരണങ്ങളാൽ ഈ പ്രോജക്ടിലെ 402612 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. യു.സി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ.131/20

കരാർ നമ്പർ. 22/20-21 തിയ്യതി. 02/11/20

കരാർ നമ്പർ. 20/20-21 തിയ്യതി. 02/11/20

കരാർ നമ്പർ. 19/20-21 തിയ്യതി. 02/11/20

ആകെ 1310730 രൂപ അടങ്കലുള്ള ഈ പ്രവർത്തിയിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ വലിക്കൽ തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുന്നു. ഓഡിറ്റ് വർഷം താഴെ ചേർക്കും പ്രകാരം തുക കെ.എസ്.ഇ. ബിക്ക് ഡെപ്പോസിറ്റ് വർക്കായി കൈമാറിയിട്ടുണ്ട്. കെ.എസ്.ഇ.ബിയുമായി ചേർന്ന് ഒപ്പിട്ട കരാർ പ്രകാരം 31/03/2021 ന് പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ്. മേൽ പ്രകാരം പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്ന് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ നമ്പർ | ഫണ്ടിനം | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 21901456/29-02-20 | ജി.പ.വിഹിതം | 36284 | കെ.എസ്.ഇ.ബി അസി.എഞ്ചിനീയർപെരിങ്ങോട്ടുകര സെക്ഷൻ,കരുവന്നൂർ സെക്ഷൻ, ചിറയ്ക്കൽ സെക്ഷൻ |
| 2 | 21901455/29-02-20 | ജി.പ.വിഹിതം | 63716 | |
| 3 | ട്രഷറി ബിൽ ബുക്ക് നമ്പർ.32/ | പ്ലാൻ വിഹിതം | 29104 | |

## 1-17 HMC വാർഷിക കണക്കുകളുടെ പരിശോധന-രേഖകൾ ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.1, തീയതി 23.02.2021)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, സി.എച്ച്.സി, ആലപ്പാട് | വിവരം ലഭ്യമാക്കിയിട്ടില്ല | 2019-20 ഉൾപ്പെടെയുള്ളത് |
| | | |

| | | |
|---|---|---|
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി, പുള്ള് | 21.10.1995 | 2019-20 ഉൾപ്പെടെയുള്ളത്. |
| ജി.എ.ഡി, ചാഴൂർ | 15.05.2012 | 2019-20 ഉൾപ്പെടെയുള്ളത് |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, ചാഴൂർ | വിവരം ലഭ്യമാക്കിയിട്ടില്ല | 2019-20 ഉൾപ്പെടെയുള്ളത് |

മേൽപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം. 190/20, എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ
നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, ജി.എൽ.പി.എസ്, കുറുമ്പിലാവ്

ചെലവ് തുക – 2,60,000/- വൗച്ചർ നം. 21900956, തീ.10.10.2019

സ്പിൽ ഓവർ പ്രൊജക്ട് ആയി നടപ്പിലാക്കിയ മേൽ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കൾ എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ചെലവ് തുകയായ 2,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് മിഷൻ ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല

പ്രൊജക്ട് നം.46/2020, ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ (ചാഴൂർ)
പദ്ധതി അടങ്കൽ - 38,00,000/-, ചെലവ് -24,00,000/-

ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി) പദ്ധതി പ്രകാരം ആദ്യ ഗഡുവായ 40,000/- രൂപ 10.12.2019 ന് കൈപ്പറ്റിയ വിഷ്ണു, വൈക്കത്ത് വീട്, ചാഴൂർ എന്നയാൾ നാളിതുവരെയായി ഭവന നിർമ്മാണം ആരംഭിച്ചു കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 14/03.03.2021 ന് നൽകിയ മറുപടിയിൽ നിർമ്മാണത്തിന് വേണ്ട മെറ്റീരിയലുകൾ സൈറ്റിൽ എത്തിക്കുന്നതിന് വഴി പ്രശ്നം കാരണം സാധിക്കാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തുക തിരികെ അടവാക്കുന്നതിന് നോട്ടീസ് നൽകിയതായും അറിയിച്ചിട്ടുണ്ട്.
ഇയാളിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 SC- പദ്ധതിക്ക് അനുവദിച്ച പണം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ - S -0189/20 – SC – വനിത – ആടുവളർത്തൽ എന്ന പദ്ധതിക്കായി ഒരുലക്ഷത്തി അറുപത്തിരണ്ടായിരം രൂപ വകയിരുത്തിയിരുന്നെങ്കിലും ആകെ 72000/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

പണം പൂർണ്ണമായിമായി വിനിയോഗിക്കാത്തതിനെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.16/04.03.2021 മുഖേന ആരാഞ്ഞിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

സമൂഹത്തിൽ ഇന്നും വലിയ തോതിൽ സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി അനുവദിക്കുന്ന പണം ശരിയായി വിനിയോഗിക്കാത്തത് പദ്ധതി നടത്തിപ്പിലുള്ള അലംഭാവമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-21 അംഗൻ വാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ . രേഖകൾ ഹാജരാക്കിയില്ല .ചെലവു ചെയ്ത തുക ആകെ 76923 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അംഗൻവാടികളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് നമ്പർ. 140/2020

റോഡിതര മെയിന്റനൻസ് ഗ്രാന്റ്

വൗച്ചർ നമ്പർ.21900439 തിയ്യതി. 17/04/2019

തുക.76923

നി.ഉ. ഐ.സി.ഡി.എസ് . സൂപ്പർവൈസർ

അംഗൻ വാടികളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ 10 തിയ്യതി. 26-02-2021) രേഖകൾ സമയബന്ധിതമായി ഹാജരാക്കാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിയാത്ത സാഹചര്യത്തിൽ ആകെ 76923 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ

## വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

താഴെ ചേർക്കും പ്രകാരം വിവിധ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ ഭാഗമായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ബിൽ നമ്പർ/ വൗച്ചർ നമ്പർ, തിയ്യതി | തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 200/20.എ.ബി.സി പ്രോഗ്രാം. തുക കൈമാറൽ | തനത് ഫണ്ട് | 21900815 | 28/10/2019 | 100000 |
| 2 | 120/20. ക്യാൻ തൃശ്ശൂർ. ക്യാൻസർ നിർണയ ക്യാമ്പുകൾ. | തനത് ഫണ്ട് | 21901676 | 26/03/2020 | 90000 |

## 1-23 കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം --- കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

1996 ലെ കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ് ആക്റ്റ് വകുപ്പ് 3-1 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ കേരള നിർമാണതൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലാത്തതായി കണ്ടു. കളക്ഷൻ ചാർജ്ജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ 4 തിയ്യതി 26-2-2021 )

## 1-24 വില്ലേജ് റോഡുകളിൽ ടൈൽ പാകിയത് സ്പെസിഫിക്കേഷൻ ഇല്ലാത്ത പ്രവൃത്തി

(ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 26-2-21)

ഓഡിറ്റ് കാലയളവിൽ താഴെ ചേർക്കുന്നതു പ്രകാരം റോഡുകളിൽ ടൈൽ പാകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

പ്രൊജ.നം. 159 കോട്ടം ബ്രാഞ്ച് റോഡ് നിർമാണം വാർഡ് ---

ബിൽ നം. 10 തിയ്യതി 4-12-19 ₹ 1,77,357-

പ്രൊജ.നം. 160 കോട്ടം ബ്രാഞ്ച് റോഡ് നിർമാണം വാർഡ് ---

ബിൽ നം. 8 തിയ്യതി 26-10-19 ₹ 3,15,177-

പ്രൊജ.നം. 165 കോട്ടം ബ്രാഞ്ച് റോഡ് നിർമാണം വാർഡ് ---

ബിൽ നം. 11 തിയ്യതി 4-12-19 ₹ 1,96,600-ബിൽ നം

വില്ലേജ് റോഡുകളിൽ ടൈൽ പാകിയതിന്റെ സ്പെസിഫിക്കേഷൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ മറുപടിയായി ഇക്കാര്യത്തിലുള്ള ഒബ്സർവേഡ് ഡാറ്റയാണ് ലഭ്യമാക്കിയത്. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 3-10-17 ലെ DB 9678/2017 CE പ്രകാരം റോഡുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് അനുമതിയുണ്ടെങ്കിലും ടൈൽ പാകുന്നതിന് അനുമതി ഇല്ലാത്തതാണ്. സ്പെസിഫിക്കേഷനില്ലാതെ വില്ലേജ് റോഡുകളിൽ ടൈൽ പാകിയത് ക്രമപ്രകാരമല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2011-12 | 47925 | എസ്.സി ഗാർഹിക കുടിവെള്ള കണക്ഷൻ | 0 | 47925 |
| | | 17026 | വേലുമാൻപ്പടി സൊസൈറ്റി റോഡ് 155/14 | 0 | 17026 |
| | 2019-20 | 100000 | 78/20 പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 300000 | 98/20, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 50000 | 21/20, ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 50000 | 0 |
| | | 943100 | 47/20 ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 900000 | 43100 |
| | | 51000 | 185/20 വനിതാ ശാക്തീകരണം തരിശ് ഭൂമിയിൽ നെൽകൃഷിക്ക് ധനസഹായം | 51000 | 0 |
| | | 1000000 | 46/20, ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി) | 1000000 | 0 |
| | | 200000 | 44/20 ഹരിത കേരളം നെൽകൃഷിക്ക് വിത്ത് വിതരണം | 200000 | 0 |
| | | 253404 | 17026 | 0 | 253404 |
| | | 1000000 | 211/20 ലൈഫ് മിഷൻ - ഭൂമി വാങ്ങൽ | 0 | 1000000 |
| | | 100000 | 115/20 ജയന്തി പടവിലെ കാടച്ചാൽ നിർമ്മാണം | 0 | 100000 |
| | ആകെ | 4062455 | | 2601000 | 1461455 |
| ജില്ലാ പഞ്ചായത്ത് | 2018-19* | 1000000 | 184/19 വപ്പുഴ അംഗൻവാടി നിർമ്മാണം വാർഡ്-1 | 168724 | 831276 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 500000 | 103/19 ബോട്ട് കടവ് റോഡ് നവീകരണം | 0 | 500000 |
| | | 1000000 | 187/19CPWP അംഗൻവാടി നിർമ്മാണം | 156315 | 843685 |
| | 2019-20 | 120000 | 115/20 ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം | 120000 | 0 |
| | | 400000 | 35/20 വയോജനങ്ങൾക്ക് കട്ടിൽ | 400000 | 0 |
| | | 200000 | 25/20, ഭിന്നശേഷിയുള്ളവർക്ക ഉപകരണങ്ങൾ | 157880 | 42120 |
| | | 30000 | 41/20 അഗതിരഹിതകേരളം ആശ്രയപുനരുദ്ധാരണം | 30000 | 0 |
| | | 200000 | 98/20 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 25102 | 78/20 പാലിയേറ്റീവ് കെയർ | 0 | 25102 |
| | | 700000 | 183/20 വാരിയം കോൾപ്പടവ് സ്ലൂയിസ് | 0 | 700000 |
| | | 300000 | 4/20 വെണ്ണീറായ് ചിറ്രേക്കുളം റെജീന ലിങ്ക് റോഡ് | 0 | 300000 |
| | | 100000 | 131/20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 100000 | 0 |
| | | 21019 | 13/20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 0 | 21019 |
| | ആകെ | 4596121 | | 1332919 | 3263202 |

* മുന്നിരിപ്പ് തുകയിൽ 701252/- രൂപ ROP ഹെഡിലേക്ക് തിരിച്ചടച്ചു

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1) വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 21601528<br>21601528 | 137400<br>108820 | 137400<br>108820 | 0<br>0 |
| | 2)പ്രോജക്ട് നം 144 | 21701566 | 614805 | 614805 | 0 |

| | | | | | |
|---|---|---|---|---|---|
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും | 21701358<br>21701375<br>21701472<br>21701470 | 316250<br>183515<br>235<br>269765 | 316250<br>183515<br>235<br>269765 | 0<br>0<br>0<br>0 |
| | 3) റീ അലൈനിംങ്ങ് 74 M സിംഗിൾ ഫേസ് 2 To 3 Wire OH Line | 21801231 | 32806 | 32806 | 0 |
| | 4) 131, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901577 | 29104 | 0 | 29104 |
| | 5) 131, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901455 | 63716 | 0 | 63716 |
| | 6) 131, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901456 | 36284 | 0 | 36284 |
| | ആകെ (KSEB) | | | | 129104 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം 29/16-17 | 21501493 | 200000 | 0 | 200000 |
| | പ്രോജക്ട് നം 83/16-17 | | 200000 | 0 | 200000 |
| | പ്രോജക്ട് നം 229/16-17 | | 90000 | 0 | 90000 |
| | പ്രോജക്ട് നം 230/16-17 | | 190000 | 180599 | 9401 |
| | പ്രോജക്ട് നം 183/17-18 | | 1893000 | 1223974 | 669026 |
| | ആകെ | | | | 1168427 |
| FIT (ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്) | 1) പ്രോ.നം -198/18 (ഫ്രണ്ട് ഓഫീസ് സീലിംഗ്) | | 50000 | 0 | 50000 |
| | ആകെ | | | | 50000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 885/10, LSGD, തീ.16.03.2010 | 7789431 | 930502 | 0 | 0 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ ലൈഫ് പദ്ധതി | സ.ഉ.(എം.എസ്.) നം.151/2017/ ത.സ്വ.ഭ.വ. തിയതി.31/07/17 | 50,60,000 | 4780000 | 367647 | 0 | 44,12,353 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 50000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം FD No.14104/2 | 50000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,31,23,646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,26,77,448 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,39,535/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,02,612 | , ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-18 | 2,60,000 | വസന്തകുമാരി, ഹെഡ്മിസ്ട്രസ്സ് |
| 1-21 | 76,923 | , ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 7,39,535 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം |
|---|---|
| | |

| | |
|---|---|
| വസന്തകുമാരി, ഹെഡ്മിസ്ട്രസ്സ് | എച്ച്.എം, ജി.എൽ.പി.എസ്, കുറുമ്പിലാവ് |
| ഗീത വി | സർവ്വീസിൽ നിന്നും വിരമിച്ചു |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ടി9-57/84/ 23.2.1984 | 32 |
| 1981-82 | എൽ.എഫ്.ടി13-1721/85/ 7.11.1985 | 28 |
| 1982-83 | എൽ.എഫ്.ടി13-961/87/ 11.12.1987 | 31 |
| 1983-84 | എൽ.എഫ്.ടി.13-903/ 23.05.1989 | 26 |
| 1984-85 | എൽ.എഫ്.ടി13-1427/89/ 9.11.1999 | 18 |
| 1985-86 | എൽ.എഫ്.ടി13-901/99/ 20.5.1991 | 39 |
| 1986-87<br>1987-88 | എൽ.എഫ്.ടി13-999/91/ 20.05.91 | 33 |
| 1988-89<br>1989-90 | എൽ.എഫ്.ടി13-965/94/ 20.07.94 | 22 |
| 1990-91 | എൽ.എഫ്.ടി13- 490/93/ 25.10.93 | |
| 1992-93<br>1993-94 | എൽ.എഫ്.ടി13- 303/95/ 08.06.96 | |
| 1994-95 | എൽ.എഫ്.ടി13-1808/96/ 30.05.97 | |
| 1995-96, 96-97 | എൽ.എഫ്.ടി13-904/98/ 08.10.98 | |
| 1997-98 ചെലവ് | എൽ.എഫ്.ടി13-923/98/ 10.08.99 | |
| 97-98 വരവ് | എൽ.എഫ്. ടി.11- 852/05/ 16.09.2005 | |
| 1998-99 ചെലവ് | എൽ.എഫ്.ടി15-1695/2000/ 16.02.01 | |
| 1998-99 വരവ് | എൽ.എഫ്.ടി11-1915/05/ 10.10.05 | |
| 1999-2000 ചെലവ് | എൽ.എഫ്.ടി.11-918/03/ 01.03.04 | |
| 1999-2000 വരവ് | എൽ.എഫ്.ടി.11-1916/05/ 10.10.05 | |
| 2000-01, 2001-02 പദ്ധതി | എൽ.എഫ്.ടി.11-1530/03/ 31.07.04 | |
| 2000-01 വരവ് ചെലവ് | എൽ.എഫ്.ടി.11-1917/07 10.10.08 | |
| 2001-02 | എൽ.എഫ്.ടി.11-2114/07/ 27.12.08 | |
| 2002-03 | എൽ.എഫ്.ടി.11-2115/07/ 27.12.08 | |
| 2003-04 | എൽ.എഫ്.ടി.11-2116/07/ 27.12.08 | |
| 2004-05 | എൽ.എഫ്.ടി.11-135/09 01.07.2010 | |
| 2005-06 | എൽ.എഫ്.ടി.11-1556/09/ 09.07.10 | |
| 2006-07 | എൽ.എഫ്.ടി.11- 1557/09/ | |

| | | |
|---|---|---|
| | 09.07.10/ 08.11.10 | |
| 2007-08 | എൽ.എഫ്.ടി.പി.9-192/11/ 02.06.11 | |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ടി.പി.2-1476/12/ 05.02.13/ 15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-216/13/ 09.09.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-85/14/ 06.06.14/ 16.08.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 181/16 തി. 15.2.16 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 181/16 തി.15.2.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 2169/16 തി. 06.01.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 1623/17/ തീ.27.11.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി.2- 595/19/ തീ.07.06.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി2)1699/2019, തീ.09.12.2019 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്